ചെറുകിട ജലസേചനപദ്ധതി പ്രകാരം നാവായിക്കുളം പഞ്ചായത്തിൽ ചെലവഴിച്ച തുക

1203. [1812] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന പദ്ധതി പ്രകാരം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നാവായിക്കുളം പഞ്ചായത്തിൽ 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ വിവിധ പദ്ധതികൾക്കു വേണ്ടി എന്തു തുക ചെലവായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം എത്ര പേർക്കു ലഭ്യമായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1.70 ലക്ഷം രൂപ.

(ബി) ഇവിടെ വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള പണികളെ ചെയ്തിട്ടുള്ളു. ആതുകൊണ്ട് പ്രയോജനം ലഭിക്കുന്ന നിലങ്ങളുടെ വിസ്തീർണ്ണമോ ആളുകളുടെ എണ്ണമോ തിട്ടപ്പെടുത്തിയിട്ടില്ല.

ചെറുകിട ജലസേചനപദ്ധതിയനുസരിച്ച് മടവൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1204. [1813] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചനപദ്ധതിയനുസരിച്ച് കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മടവൂർ പഞ്ചായത്തിൽ 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ വിവിധ പദ്ധതികൾക്കായി എന്തു തുക ചെലവായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഇവിടെ ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭ്യമായിട്ടുണ്ട് ?

ഉത്തരം

(എ) 1.61 ലക്ഷം രൂപ.

(ബി) ഇതിന്റെ പ്രയോജനം 30.5 ഹെക്ടർ സ്ഥലത്ത് ലഭ്യമാകുന്നു. പ്രയോജനപ്പെടുന്ന ആളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

സ്കൂൾ കോംപ്ലക്സുകൾ

1205. [1814] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ കോംപ്ലക്സുകൾ ഇന്ന് കാര്യമായി പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂൾ കോംപ്ലക്സ് മുഖേന എന്തെല്ലാമാണ് ചെയ്തു കൊണ്ടിരിക്കുന്നത് ;

(ഡി) സ്കൂൾ കോംപ്ലക്സുകൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് വല്ല മെമ്മോറാണ്ടവും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) എല്ലാ ജില്ലയിലും കാര്യമായി പ്രവർത്തിക്കുന്നില്ല .

(ബി) ഫിലിം കോംപ്ലക്സ് തുടങ്ങിയ ചില സമാന ഗുണങ്ങളുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ചില ജില്ലകളിൽ സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം മന്ദീഭവിച്ചു .

(സി) ഓരോ ഹൈസ്കൂളും അതിനടുത്തുള്ള പ്രൈമറി സ്കൂളുകളുമായി സഹകരിച്ചു പ്രവർത്തിക്കുകയാണ് സ്കൂൾ കോംപ്ലക്സുകൾ. ഹൈസ്കൂളുകളിലെ മെച്ചപ്പെട്ട സ്കൂൾ ലൈബ്രറി, ലബോറട്ടറി മുതലായ സൗകര്യങ്ങൾ സമീപത്തുള്ള പ്രൈമറി സ്കൂളുകൾക്കും ലഭ്യമാക്കുക. ഹൈസ്കൂൾ അദ്ധ്യാപകരുടെ സഹായ സഹകരണങ്ങൾ അദ്ധ്യാപന കാര്യത്തിൽ പ്രൈമറി അദ്ധ്യാപകർക്ക് ലഭ്യമാക്കുക, മോഡൽ ക്ലാസുകൾ സംഘടിപ്പിക്കുക, ഹൈസ്കൂൾ അദ്ധ്യാപകരുടെ സ്പെഷ്യൽ ക്ലാസുകൾ പ്രൈമറി വിദ്യാർത്ഥികൾക്കുവേണ്ടി . സംഘടിപ്പിക്കുക തുടങ്ങിയവയാണ് സ്കൂൾ കോംപ്ലക്സ് മൂലം ചെയ്തിരുന്നത് .

(ഡി) ലഭിച്ചതായി കാണുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

1206. [1815] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെൻറിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവിടെ ഏതെല്ലാം കോഴ്സുകൾക്ക് പരിശീലനം നൽകുന്നുണ്ട് ;

(സി) കെ. ടി. ഡി. സി. യുടെ നിയന്ത്രണത്തിലുള്ള ഹോട്ടലുകളിൽ കുക്ക്, വെയിറ്റർ, റിസപ്ഷനിസ്റ്റ് മുതലായ തസ്തികകളിലെ ഒഴിവുകളിൽ നിയമനം ലഭിക്കുന്നതിന് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും വിജയകരമായി പരിശീലനം നേടിയവർ അർഹരാണോ ?

ഉത്തരം

(എ) കളമശേരിയിൽ ഒരു ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടും അതിൻെറ എക്സ്റ്റൻഷൻ സെൻററുകളും കോട്ടയം, തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലും ഒരു എക്സ്റ്റൻഷൻ യൂണിറ്റ് കോതമംഗലത്തും പ്രവർത്തിക്കുന്നുണ്ട് .

(ബി) (1) കളമശേരിയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നൽകുന്ന ഏകവർഷ കോഴ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly